✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1169

# സൂറ-41 / ഹാമീം അസ്സജദ - ഫുസ്സ്വിലത്

**സൂക്തം: 30-32**

സത്യനിഷേധികൾക്ക് അല്ലാഹു ചെകുത്താന്മാരായ സഖാക്കളെ (قرناء) ഏർപ്പെടുത്തിക്കൊടുക്കുന്നതുപോലെ സത്യവിശ്വാസികൾക്ക് സദ്‌സഖാക്കളെയും ഏർപ്പെടുത്തിക്കൊടുക്കുന്നു. അദൃശ്യരായ സഖാക്കൾ മലക്കുകളായിരിക്കും. ഞങ്ങളുടെ റബ്ബ് അല്ലാഹു മാത്രമാണെന്ന് പ്രഖ്യാപിക്കുകയും ആ മാർഗത്തിലൂടെ ശരിയായി സഞ്ചരിക്കുകയും ചെയ്യുക എന്നത് ഏറെ സഹനവും ത്യാഗവും ആവശ്യപ്പെടുന്ന ദൗത്യമാണ്. അക്രമ മർദനങ്ങളും ആക്ഷേപ ശകാരങ്ങളും പരിഹാസവുമൊക്കെ ധാരാളം ഏറ്റുവാങ്ങേണ്ടിവരും. അത്തരം സന്ദർഭങ്ങളിൽ അവരുടെ സഖാക്കളായ മലക്കുകൾ ഇറങ്ങിക്കൊണ്ടിരിക്കും.

إِنَّ ٱلَّذِينَ قَالُوا۟ رَبُّنَا ٱللَّهُ ثُمَّ ٱسْتَقَٰمُوا۟ تَتَنَزَّلُ عَلَيْهِمُ ٱلْمَلَٰٓئِكَةُ أَلَّا تَخَافُوا۟ وَلَا تَحْزَنُوا۟ وَأَبْشِرُوا۟ بِٱلْجَنَّةِ ٱلَّتِى كُنتُمْ تُوعَدُونَ ﴿٣٠﴾

30. ഞങ്ങളുടെ റബ്ബ് അല്ലാഹു മാത്രമാകുന്നു എന്നു പ്രഖ്യാപിക്കുകയും എന്നിട്ട് ആ മാർഗത്തിൽ നേരായി നിലകൊള്ളുകയും ചെയ്യുന്നവരുണ്ടല്ലോ, അവരുടെ മേൽ മലക്കുകൾ ഇറങ്ങിക്കൊണ്ടിരിക്കും. ആ മലക്കുകൾ അവരോട് പറയുന്നു: ഭയപ്പെടേണ്ട, വ്യസനിക്കേണ്ട. നിങ്ങൾക്ക് വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗത്തിന്റെ സുവിശേഷമറിഞ്ഞുകൊള്ളുവിൻ.

نَحْنُ أَوْلِيَآؤُكُمْ فِى ٱلْحَيَوٰةِ ٱلدُّنْيَا وَفِى ٱلْءَاخِرَةِ ۖ وَلَكُمْ فِيهَا مَا تَشْتَهِىٓ أَنفُسُكُمْ وَلَكُمْ فِيهَا مَا تَدَّعُونَ ﴿٣١﴾

31. ഇഹലോക ജീവിതത്തിലും മറുലോക ജീവിതത്തിലും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാകുന്നു. സ്വർഗലോകത്ത് നിങ്ങൾ ഇഷ്ടപ്പെടുന്നതൊക്കെയും നിങ്ങൾക്കുള്ളതാകുന്നു. നിങ്ങൾ തേടുന്നതെന്തും അവിടെ നിങ്ങൾക്കു ലഭിക്കും.

نُزُلًا مِّنْ غَفُورٍ رَّحِيمٍ ﴿٣٢﴾

32. അത് ഏറ്റം പൊറുക്കുന്നവനും പരമകാരുണികനുമായവനിൽ നിന്നുള്ള ആതിഥ്യമത്രെ.

**30-32**

إِنَّ الَّذِينَ قَالُوا = പറഞ്ഞവർ (പ്രഖ്യാപിക്കുകയും) رَبُّنَا اللَّهُ = അല്ലാഹു (മാത്രമാണ്) ഞങ്ങളുടെ റബ്ബ് (എന്ന്)

ثُمَّ اسْتَقَامُوا = പിന്നെ നേരെ നിന്നവർ (എന്നിട്ട് ആ മാർഗത്തിൽ നേരായി നിലകൊള്ളുകയും ചെയ്തവർ ഉണ്ടല്ലോ)

تَتَنَزَّلُ عَلَيْهِمْ = അവർക്കുമേൽ ഇറങ്ങിക്കൊണ്ടിരിക്കും الْمَلَائِكَةُ = മലക്കുകൾ

أَلَّا تَخَافُوا = (ആ മലക്കുകൾ അവരോടു പറയുന്നു) നിങ്ങൾ ഭയപ്പെടേണ്ട

وَلَا تَحْزَنُوا = നിങ്ങൾ വ്യസനിക്കുകയും വേണ്ട وَأَبْشِرُوا = നിങ്ങൾ സുവിശേഷം അറിഞ്ഞുകൊള്ളുവിൻ
بِالْجَنَّةِ الَّتِي كُنتُمْ تُوعَدُونَ = നിങ്ങൾക്കു വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗം(ത്തിന്റെ) കൊണ്ട്
نَحْنُ أَوْلِيَاؤُكُمْ = ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാകുന്നു فِي الْحَيَاةِ الدُّنْيَا = ഇഹലോക ജീവിതത്തിൽ
وَفِي الْآخِرَةِ = മറുലോക (ജീവിത)ത്തിലും وَلَكُمْ فِيهَا = അതിൽ (സ്വർഗലോകത്ത്) നിങ്ങൾക്കുള്ളതാകുന്നു
مَا تَشْتَهِي أَنفُسُكُمْ = നിങ്ങളുടെ മനസ്സ് ഇഷ്ടപ്പെടുന്നത് (ഒക്കെയും)
وَلَكُمْ فِيهَا = അതിൽ (അവിടെ) നിങ്ങൾക്കുണ്ട് (ലഭിക്കും) مَا تَدَّعُونَ = നിങ്ങൾ തേടുന്നത് (ഒക്കെയും)
نُزُلًا = ആതിഥ്യമായിട്ട് (അത് ആതിഥ്യമത്രെ) مِّنْ غَفُورٍ رَّحِيمٍ = ഏറ്റം പൊറുക്കുന്ന പരമകാരുണികനിൽനിന്നുള്ള

മുൻ സൂക്തങ്ങളിൽ, ദൈവദൂതനെയും വേദപ്രമാണങ്ങളെയും തള്ളിക്കളഞ്ഞ് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പ്രചരിപ്പിക്കുന്ന ദൈവശത്രുക്കൾ അന്ത്യനാളിൽ നേരിടേണ്ടി വരുന്ന ദുരന്തത്തെക്കുറിച്ചു പറഞ്ഞശേഷം ഈ സൂക്തങ്ങൾ, ദൈവദൂതനെ പിന്തുടരുകയും സത്യ-ധർമങ്ങൾ ആചരിക്കുകയും ചെയ്യുന്ന സത്യവിശ്വാസികളുടെ സദ്ഗതി വിവരിക്കുകയാണ്. ഇവിടെ 'റബ്ബ്' എന്ന പദം ഉപയോഗിച്ചിരിക്കുന്നത് ആ പദത്തിന്റെ എല്ലാ അർഥങ്ങളിലുമാണ്. അതായത്, അല്ലാഹു മാത്രമാണ് ഞങ്ങളുടെ രക്ഷകനും പരിപാലകനും യജമാനനും ആരാധ്യനും പരമാധികാരിയുമെല്ലാം, അവനല്ലാത്ത മറ്റൊരാരാധ്യനോ യജമാനനോ രക്ഷകനോ പരമാധികാരിയോ ഞങ്ങൾക്കില്ല എന്നു പ്രഖ്യാപിച്ചവരാണ് رَبُّنَا اللَّهُ എന്നു പ്രഖ്യാപിച്ചവർ. അതു വെറുമൊരു അധരസേവയല്ല. അതിന്റെ അർഥങ്ങളും ആശയങ്ങളും ആ പ്രഖ്യാപനം ചുമത്തുന്ന ബാധ്യതകളും ഉൾക്കൊണ്ടുള്ള വിശ്വാസ പ്രതിജ്ഞയാണത്. അങ്ങനെ പ്രഖ്യാപിച്ചവർ തുടർന്ന് ആ മാർഗത്തിൽ ശരിയായി നിലകൊള്ളുകയും ചെയ്യുന്നു. ثُمَّ اسْتَقَامُوا-എന്ന വാക്യത്തിന്റെ വിവിധ ആശയങ്ങൾ ഖുലഫാഉർറാശിദീനിൽനിന്ന് ഇങ്ങനെ ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. അബൂബക്കർ(റ) പ്രസ്താവിച്ചു: അവർ വാചാ നേരായി നിലകൊണ്ടതുപോലെ കർമത്തിലും നേരായി നിലകൊണ്ടു. പിന്നെ യാതൊന്നിനെയും അല്ലാഹുവിൽ പങ്കുചേർത്തില്ല.

استقاموا فعلا كما استقاموا قولاً........ ثم لم يشركوا بالله شيئا

ഉമർ(റ) പറഞ്ഞു: ആ മാർഗത്തിൽ അവന്ന് കീഴ്പ്പെടാൻ നിലകൊണ്ടു. പിന്നെ കുറുക്കനെപ്പോലെ സൂത്രത്തിൽ മാറിക്കളഞ്ഞില്ല. ഉസ്മാൻ (റ) പറഞ്ഞു: പിന്നെ നിഷ്കളങ്കമായി അല്ലാഹുവിനുവേണ്ടി കർമം ചെയ്തു. അലി(റ) പറഞ്ഞു: പിന്നെ കടമകൾ വീട്ടി ثم أدّوا الفرائض . അതായത്, അവർ മരണം വരെ അല്ലാഹു അല്ലാത്ത ആർക്കും ഒരുവിധ ദിവ്യത്വവും കൽപിക്കാതെ അവന്റെ കൽപനകളിലുറച്ച് അവ നടപ്പാക്കാൻ പ്രവർത്തിക്കുകയും അവനെ ധിക്കരിക്കുന്നത് വർജിക്കുകയും ചെയ്തു. മറ്റു വാക്കുകളിൽ പറഞ്ഞാൽ അവർ വിശ്വാസത്തിലും ആരാധനകളിലും ജീവിത വ്യവഹാരങ്ങളിലും ശരീഅത്ത് നിയമങ്ങൾ കണിശമായി പാലിച്ചു.

വക്രതയുടെയും ചരിവിന്റെയും ഇല്ലായ്മയാണ് استقامة -ന്റെ യാഥാർഥ്യം. സത്യത്തിലും ധർമത്തിലും അധിഷ്ഠിതമായ സൽക്കർമങ്ങളുടെയും ഉത്തമ ചര്യയുടെയും സമുച്ചയത്തെ استقامة എന്നു പറയുന്നു. എല്ലാ കാര്യങ്ങളും ദൈവാഭീഷ്ടത്തിന് വിധേയമാക്കുമ്പോഴാണ് استقامة ഉണ്ടാകുന്നത്. ഈ അർഥത്തിലാണ് 6-ാം സൂക്തത്തിൽ فَاسْتَقِيمُوا إِلَيْهِ - നിങ്ങൾ അല്ലാഹുവിലേക്ക് ഉന്മുഖരായിരിക്കുക എന്നു പറഞ്ഞത്. വളവും തിരിവുമില്ലാതെ അവന്റെ മാർഗത്തിൽ നിലകൊള്ളുകയാണ് അവനിലേക്ക് ഉന്മുഖരായിരിക്കൽ. അമിതത്വവും അൽപത്തവും ഇല്ലാതെ, തീവ്രതയും അവഗണനയും ഇല്ലാതെ മധ്യമമാർഗത്തിൽ ചരിക്കുന്നതും استقامة ആകുന്നു. 1:6-ലെ اهْدِنَا الصِّرَاطَ الْمُسْتَقِيمَ എന്ന പ്രാർഥന ഈ അർഥവും ഉൾക്കൊള്ളുന്നു. മിത സമുദായം - أُمَّةً وَسَطًا (2:143) എന്നതിന്റെ മറ്റൊരു ഭാഷ്യമാണ് مُسْتَقِيم. ഈമാനിന്റെയും കർമ(അമലുസ്സാലിഹ്)ത്തിന്റെയും പൂർണത استقامة-നെ ആശ്രയിച്ചിരിക്കുന്നു. ഈമാനിലെ اعتقاد-ലെ استقامه-നെ പണ്ഡിതന്മാർ ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു: അല്ലാഹുവിന്റെ ഗുണങ്ങളി(صفات)ലുള്ള വിശ്വാസത്തിലെ استقامة ഗുണനിഷേധം അവൻ തികച്ചും നിർഗുണനാണ് എന്നിടത്തോളം തീവ്രമാവാൻ പാടില്ല. ഗുണസ്ഥിരീകരണം സൃഷ്ടികളോടുള്ള സാദൃശ്യത്തോളവും സാരൂപ്യത്തോളവും (التشبيه والتمثيل) തീവ്രമാവാനും പാടില്ല; രണ്ടിനെയും വേർതിരിക്കുന്ന നേർവരമ്പിലായിരിക്കണം. അതുപോലെ വിധി നിഷേധത്തി(القدري)ന്റെയും സ്വാതന്ത്ര്യത്തെ പൂർണമായി നിഷേധിക്കുന്ന, 'എല്ലാം വിധിവിഹിത'മെന്ന വാദത്തി(الجبري)ന്റെയും മധ്യത്തിൽ നിലകൊള്ളണം.

സത്യനിഷേധികൾക്ക് അല്ലാഹു ചെകുത്താന്മാരായ സഖാക്കളെ (قرناء) ഏർപ്പെടുത്തിക്കൊടുക്കുന്നതുപോലെ സത്യവിശ്വാസികൾക്ക് സദ്സഖാക്കളെയും ഏർപ്പെടുത്തിക്കൊടുക്കുന്നു. അദൃശ്യരായ സഖാക്കൾ മലക്കുകളായിരിക്കും. ഞങ്ങളുടെ റബ്ബ് അല്ലാഹു മാത്രമാണെന്ന് പ്രഖ്യാപിക്കുകയും ആ മാർഗത്തിലൂടെ ശരിയായി സഞ്ചരിക്കുകയും ചെയ്യുക എന്നത് ഏറെ സഹനവും ത്യാഗവും ആവശ്യപ്പെടുന്ന ദൗത്യമാണ്. അക്രമ മർദനങ്ങളും ആക്ഷേപ ശകാരങ്ങളും പരിഹാസവുമൊക്കെ ധാരാളം ഏറ്റുവാങ്ങേണ്ടിവരും. അത്തരം സന്ദർഭങ്ങളിൽ അവരുടെ സഖാക്കളായ മലക്കുകൾ ഇറങ്ങിക്കൊണ്ടിരിക്കും. ചെകുത്താൻ സഖാക്കൾ ഭയപ്പെടുത്തിയും വ്യാജ വാഗ്ദാനങ്ങൾ നൽകിയും, ആ മാർഗത്തിൽനിന്നു പിന്തിരിയാനും ദുർമാർഗത്തിൽ ചരിച്ച് ഭൗതിക സുഖങ്ങളാസ്വദിക്കാനും ദുർബോധനം ചെയ്യുമ്പോൾ മലക്കുകൾ അവരോടു പറയുന്നു: ഭയപ്പെടാതെ, ദുഃഖിക്കാതെ സന്മാർഗത്തിൽ ഉറച്ച കാൽവെപ്പുകളോടെ

മുന്നോട്ടു പോവുക. അല്ലാഹു നിങ്ങൾക്ക് വാഗ്ദത്തം ചെയ്ത നിത്യസ്വർഗം നിങ്ങളെ കാത്തിരിക്കുന്നുവെന്ന സുവാർത്തയറിഞ്ഞുകൊള്ളുക. ഭൗതിക ജീവിതത്തിൽ വിജയിച്ചാലും പരാജയപ്പെട്ടാലും ഈ മാർഗത്തിൽ സഞ്ചരിച്ചാൽ നിങ്ങൾ ആ നിത്യസ്വർഗത്തിലെത്തിച്ചേരുമെന്നുറപ്പാണ്.

نَحْنُ أَوْلِيَاؤُكُمْ എന്ന വാക്യം മലക്കുകൾ വിശ്വാസികൾക്കു നൽകുന്ന ആത്മവിശ്വാസത്തെയും സാന്ത്വനത്തെയും സൂചിപ്പിക്കുന്നു. وَلِي-ന്റെ ബഹുവചനമാണ് اولياء. ആത്മമിത്രങ്ങൾ എന്നാണ് ഇവിടെ ഉദ്ദേശ്യം.

ദുഷ്ട-ശിഷ്ട വ്യത്യാസമില്ലാതെ എല്ലാ മനുഷ്യരുടെയും കൂടെ മലക്കുകളുണ്ടെന്ന് ഖുർആൻ പലയിടത്തും പ്രസ്താവിച്ചിട്ടുണ്ട്.

لَهُ مُعَقِّبَاتٌ مِّن بَيْنِ يَدَيْهِ وَمِنْ خَلْفِهِ يَحْفَظُونَهُ مِنْ أَمْرِ اللَّهِ

(ഓരോ മനുഷ്യനെയും മുന്നിൽനിന്നും പിന്നിൽനിന്നും നിരീക്ഷിക്കാൻ നിയുക്തരായ കാവൽക്കാർ പിന്തുടരുന്നുണ്ട് -13:11).

وَإِنَّ عَلَيْكُمْ لَحَافِظِينَ ﴿١٠﴾ كِرَامًا كَاتِبِينَ ﴿١١﴾ يَعْلَمُونَ مَا تَفْعَلُونَ ﴿١٢﴾

(തീർച്ചയായും നിങ്ങളുടെ മേൽ ചില നിരീക്ഷകരുണ്ട്. ആദരണീയരായ എഴുത്തുകാർ. നിങ്ങൾ ചെയ്യുന്നതൊക്കെയും അവർ അറിയുന്നു -82:10-12)

مَّا يَلْفِظُ مِن قَوْلٍ إِلَّا لَدَيْهِ رَقِيبٌ عَتِيدٌ(മനുഷ്യൻ ഒരു വാക്ക് ഉച്ചരിക്കുക പോലും ചെയ്യുന്നില്ല, അതു നിരീക്ഷിച്ചു തിട്ടപ്പെടുത്തുന്നവന്റെ സാന്നിധ്യത്തിലല്ലാതെ -50:18).

ഇപ്പറഞ്ഞ നിരീക്ഷകരും എഴുത്തുകാരും മലക്കുകളാണെന്ന കാര്യത്തിൽ തർക്കമില്ല. ഇതു കൂടാതെയാണ് അല്ലാഹുവിന്റെ മാർഗത്തിൽ ഉറച്ചു നിൽക്കുന്നവർക്ക് ധൈര്യവും ആശ്വാസവും ആത്മവിശ്വാസവും പകരാൻ നിയുക്തരാകുന്ന മലക്കുകൾ. മറ്റു മലക്കുകളെ കാണാനാവാത്തതുപോലെ ഈ മലക്കുകളെയും നമുക്ക് കാണാനാവില്ല. എങ്കിലും എവിടെ നിന്നെന്നറിയാത്ത ധൈര്യത്തിന്റെയും ആത്മവിശ്വാസത്തിന്റെ ശുഭപ്രതീക്ഷയുടെയും രൂപത്തിൽ അവർ യഥാർഥ സത്യവിശ്വാസികളുടെ ആത്മാവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കും. നബി(സ) യുടെ കാലത്ത് സത്യനിഷേധികളുമായി നടന്ന ചില യുദ്ധങ്ങളിൽ അദൃശ്യമായ അശ്വസൈന്യത്തിന്റെ സഹായം പോലെ, മുസ്‌ലിംകൾക്ക് അതനുഭവപ്പെട്ടതായി ഖുർആൻ 3:124,125 സൂക്തങ്ങളിൽ സൂചിപ്പിക്കുന്നുണ്ട്. മനുഷ്യരുടെ മേൽ ചുമതലയേൽപിക്കപ്പെട്ട മലക്കുകൾ പല വിഭാഗങ്ങളുണ്ടെന്ന് പ്രമാണങ്ങൾ സൂചിപ്പിക്കുന്നു. ചിലർ ജനന-മരണ കാര്യങ്ങൾ നോക്കുന്നു. ചിലർ ജീവിത വ്യവഹാരങ്ങൾ നോക്കുന്നു. ചിലർ മനുഷ്യ കർമങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നു. ചിലർ സത്യവിശ്വാസികളിൽ ആത്മവിശ്വാസവും ശുഭപ്രതീക്ഷയും വളർത്തുന്നു. ഒരു നിവേദനത്തിൽ ഇങ്ങനെ കാണാം: ''ഒരിക്കൽ ഉസ്മാൻ (റ) നബി(സ) യോടു ചോദിച്ചു: 'മനുഷ്യന്റെ മേൽ എത്ര മലക്കുകൾ ചുമതലപ്പെട്ടിരിക്കുന്നു?' നബി(സ) അദ്ദേഹത്തോടു പറഞ്ഞു: 'ഇരുപതു മലക്കുകൾ.'' യഥാർഥ സത്യവിശ്വാസികളുടെ ഭൗതിക ജീവിതത്തിലും പരലോക ജീവിതത്തിലും ആത്മമിത്രങ്ങളായി മലക്കുകൾ കൂടെയുണ്ടായിരിക്കും. نَحْنُ أَوْلِيَاؤُكُمْ فِي الْحَيَاةِ الدُّنْيَا وَفِي الْآخِرَةِ വിചാരണാ നാളിലെ ഭയവിഹ്വലവും ഭീകരവുമായ (الفزع الاكبر) അന്തരീക്ഷത്തിൽ മലക്കുകൾ സുവിശേഷങ്ങളോതി അവരെ ആശ്വസിപ്പിക്കുന്നു. നിങ്ങൾ ഒന്നും ഭയപ്പെടേണ്ട. ഒട്ടും വ്യസനിക്കുകയും വേണ്ട. നിങ്ങൾ വാഗ്ദത്തം ചെയ്യപ്പെട്ട സ്വർഗലോകം ഇതാ ആസന്നമായിരിക്കുന്നു. അവിടെ നിങ്ങൾക്ക് വേണ്ടതെല്ലാമുണ്ട്. ആവശ്യപ്പെടുന്നതെന്തും ലഭിക്കും. അതായത്, ഇഷ്ടമുള്ള ഏതു സുഖഭോഗവും തെരഞ്ഞെടുക്കാം. വേണമെന്നു തോന്നുന്നത് എന്തായാലും ആവശ്യപ്പെട്ടാലുടനെ ലഭിക്കും.

تَشْتَهِي -യുടെയും تَدَّعُونَ-യുടെയും അടിസ്ഥാനാശയം ഒന്നാണ്- ഇഛിക്കൽ. ഭക്ഷണം, ലൈംഗികത പോലുള്ള ശാരീരികാവശ്യങ്ങളുമായി ബന്ധപ്പെട്ട ആഗ്രഹമാണ് شهوة. അതിൽനിന്നുള്ള ക്രിയയാണ് تشتهي. പ്രാർഥിക്കുക, വാദിക്കുക, വിധിക്കുക തുടങ്ങിയ അർഥങ്ങളിലാണ് ادّعاء -ന്റെ സാധാരണ ഉപയോഗം. ആഗ്രഹിക്കുക, - تمنّي ആവശ്യപ്പെടുക -طلب എന്നീ പ്രയോഗാർഥങ്ങളുമുണ്ട്. സൂറ *യാസീൻ* 57-ൽ وَلَهُم مَّا يَدَّعُونَ എന്ന് പറഞ്ഞിട്ടുള്ളത് ഈ അർഥത്തിലാണ്. ഇവിടെ تشتهي-യും تدّعون-യും ഒരുമിച്ചു വന്നതിനെ ഇങ്ങനെയും വ്യാഖ്യാനിക്കാം: അവരിഷ്ടപ്പെടുന്ന ഇന്ദ്രിയ സുഖഭോഗോപാധികളെല്ലാം അവിടെ ലഭിക്കുന്നുവെന്നാണ് مَا تَشْتَهِي أَنفُسُكُمْ -ന്റെ താൽപര്യം. ഒപ്പം അവരാഗ്രഹിക്കുന്ന, അവർ തേടുന്ന അതീന്ദ്രിയമായ ആനന്ദങ്ങളും നിർലോഭം ലഭിക്കും എന്നാണ് وَلَهُم مَّا تَدَّعُونَ-ന്റെ താൽപര്യം. സ്വർഗലോകത്ത് അവർക്കു ലഭിക്കുന്ന ഔന്നത്യവും ആദരവും, അല്ലാഹു അവരോടും അവർ അല്ലാഹുവിനോടും സംപ്രീതരാകുമ്പോഴുണ്ടാകുന്ന ആനന്ദം തുടങ്ങിയവ ഉദാഹരണം.

ഈ അനുഗ്രഹങ്ങൾ കേവലം ദാക്ഷിണ്യവും ഔദാര്യവുമായി എറിഞ്ഞുകൊടുക്കുകയല്ല. പ്രത്യുത, സസ്നേഹവും സാദരവുമായ ആതിഥ്യമായി സമ്മാനിക്കുകയാണ്. അതിഥിയെ സന്തോഷപൂർവം സ്വീകരിക്കലും സൽക്കരിക്കലുമാണ് نزل. പരലോകത്ത് സജ്ജനങ്ങളെ അല്ലാഹു അവന്റെ വിശിഷ്ടാതിഥികളായി പരിഗണിച്ചു സ്വീകരിക്കുന്നു.

അല്ലാഹുവിങ്കൽനിന്നുള്ള ആതിഥ്യമായിട്ട് എന്ന് പറയുന്ന സ്ഥാനത്ത് نُزُلًا مِّنْ غَفُورٍ رَّحِيمٍ -'എല്ലാം പൊറുക്കുന്നവനിൽനിന്നും പരമകാരുണികനിൽനിന്നുമുള്ള ആതിഥ്യം' എന്നു പറഞ്ഞതിന്റെ സൂചനയിതാണ്: ഞങ്ങളുടെ റബ്ബ് അല്ലാഹു മാത്രമാണെന്ന് പ്രഖ്യാപിക്കുകയും എന്നിട്ട് ആ ആദർശത്തിന്റെ മാർഗത്തിൽ നിലകൊള്ളുകയും ചെയ്തവർക്ക്, ഒരിക്കലും ഒരു കുറ്റവും ചെയ്യാത്തവരായതുകൊണ്ടല്ല അല്ലാഹുവിന്റെ സ്നേഹപൂർവമായ ആതിഥ്യം ലഭിക്കുന്നത്. അശ്രദ്ധയാലും അവിവേകത്താലും അവർ പാപങ്ങൾ ചെയ്തുപോയിട്ടുണ്ടാകും. പക്ഷേ, അതെക്കുറിച്ചു ബോധവാന്മാരാകുമ്പോൾ ആത്മാർഥമായി പശ്ചാത്തപിക്കുകയും അല്ലാഹുവിനോട് മാപ്പു തേടുകയും ചെയ്തിട്ടുണ്ടായിരിക്കും. പാപങ്ങളിൽ പശ്ചാത്തപിച്ച് മോചനം തേടുന്നവർക്ക് ഏതു പാപവും പൊറുത്തുകൊടുക്കുന്ന ദയാമയനും പരമകാരുണികനുമാണ് അല്ലാഹു. ഖുർആനിലെ ഏറ്റം വിശാലതയുള്ള, ആശ്വാസദായക സൂക്തം ഏതാണെന്ന് ഒരാൾ ഇബ്നു അബ്ബാസി(റ)നോട് ചോദിച്ചപ്പോൾ إِنَّ الَّذِينَ قَالُوا رَبُّنَا اللهُ...... എന്ന സൂക്തം എന്നദ്ദേഹം മറുപടി പറഞ്ഞതായി അബ്ദുബ്നു ഹുമൈദ് ഉദ്ധരിച്ചിരിക്കുന്നു. ●